പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 3952 | 12/12/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

## കുഷ്ഠരോഗ നിർമ്മാർജ്ജനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | 2005-ൽ കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്തതായി പ്രഖ്യാപിച്ച കേരളത്തിൽ ഇപ്പോൾ വർഷം തോറും ശരാശരി 500 പേരിലെങ്കിലും പുതുതായി കുഷ്ഠരോഗം കണ്ടെത്തുന്നതായി സ്ഥിരീകരിക്കയുണ്ടായോ ; | എ) | പുതുതായി കുഷ്ഠരോഗം കണ്ടെത്തുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. |
| ബി) | ഇതിൽ പത്ത് ശതമാനത്തോളം കുട്ടികളാണെന്നും ഇത് ദേശീയ ശരാശരിക്കു മുകളിലാണെന്നുമുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | ബി) | പരിശോധിക്കുകയുണ്ടായി.ഇത് 13-14 ൽ 10.9 ശതമാനമായിരുന്നു. ഇപ്പോൾ 2018 ൽ 8.3% ആണ്. |
| സി) | എങ്കിൽ രോഗത്തിന്റെ ഉറവിടം കണ്ടെത്താനും പൂർണ്ണമായും ഈ രോഗം നിർമ്മാർജനം ചെയ്യാനും എന്തൊക്കെ അടിയന്തിര നടപടികൾ സമയബന്ധിതമായി കൈകൊള്ളും; വ്യക്തമാക്കുമോ? | സി) | വിപുലമായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ സ്കൂൾ അംഗനവാടി സർവ്വേ, ജയിൽ സർവ്വേ, നഗര ചേരികളിലും തീരപ്രദേശത്തും ഗിരിവർഗ്ഗ മേഖലകളിലും താമസിക്കുന്നവരെയും, പ്രീ മെട്രിക് ഹോസ്റ്റൽ, അനാഥാലയങ്ങൾ, ജയിൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരെയും ഇതര സംസ്ഥാനതൊഴിലാളികളെയും രോഗപരിശോധനയ്ക്ക് വിധേയമാക്കൽ, വൈദ്യപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ, കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കു ആക്കം കൂട്ടുക |

| | | | |
|---|---|---|---|
| | | | എന്ന ലക്ഷ്യത്തോടെ 'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ 2018 ഡിസംബർ 5 മുതൽ 18 വരെ നടന്നുവരികയാണ്. ഇതോടൊപ്പം തന്നെ 6 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട്) ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി) നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ